വിലാസം ബോയ്സ് ഹൈസ്കൂളിലും ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(3) കാട്ടാനകളുടെ ആക്രമണം

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, എന്റെ നിയോജക മണ്ഡലത്തിലെ വന്യമൃഗങ്ങളുടെ ശല്യം സംബന്ധിച്ച് ഞാൻ രണ്ടുമൂന്ന് തവണ നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ളതാണ്. കഴിഞ്ഞ സഭയിലും ഞാൻ ഇതുസംബന്ധിച്ച് ഒരു കാളിംഗ് അറ്റൻഷൻ കൊണ്ടുവന്നിരുന്നു. അതിനുശേഷം ഈ ജനുവരി 13-ാം തീയതി ഞാൻ അന്ന് ചൂണ്ടിക്കാണിച്ച വഴിക്കടവ് പഞ്ചായത്തിലെ തന്നെ സിദ്ധിഖ് എന്ന് പറയുന്ന ഒരു പാവപ്പെട്ട ആളെ ആന കൊല്ലുകയും നിരവധി കൃഷിയിടങ്ങൾ നശിപ്പിക്കുകയും ചെയ്തു. മരണപ്പെട്ട ആളിന്റെ കുടുംബത്തിന് മുന്ന് ലക്ഷം രൂപ സാമ്പത്തിക സഹായം നൽകാൻ വ്യവസ്ഥയുണ്ട്. പക്ഷേ ഇതുവരെ ഒന്നും നൽകിയിട്ടില്ല. അതുപോലെതന്നെ ഇതേ പഞ്ചായത്തിലെ പുഞ്ചക്കൊല്ലി അളക്കൽ ട്രൈബൽ കോളനി 120 കുടുംബങ്ങൾ താമസിക്കുന്ന സ്ഥലമാണ്. അവിടെ ആനകളുടെ ശല്യം കാരണം ദിവസങ്ങളോളം അവർ ജനങ്ങളിൽ നിന്നും ഒറ്റപ്പെട്ടുകൊണ്ട് പട്ടിണി കിടക്കുകയായിരുന്നു. ഒരാൾക്കും പോകാൻ കഴിയാത്ത, ഒരു സാഹചര്യമായിരുന്നു. അതിനുശേഷം ജനുവരി 29-ാം തീയതി ഇതേ കോളനിയിലുള്ള ഒരു ആദിവാസിക്ക് രോഗം വന്നപ്പോൾ കൊണ്ടുപോകാൻ മാർഗ്ഗമില്ല. ഒരു ഗൂഡ്സിൽ അദ്ദേഹത്തെ എങ്ങനെയൊക്കെയോ കയറ്റി ആശുപത്രിയിലേക്ക് കൊണ്ടുവരുമ്പോൾ വഴിയിൽ ആന തടഞ്ഞു, ശല്യപ്പെടുത്തി. എങ്ങനെയോ രക്ഷപ്പെട്ടു. ഇതിന്റെ ഫലമായി അവിടത്തെ ജനങ്ങൾ ഒന്നിച്ച് റോഡിൽ ഇറങ്ങി, രാത്രി 12 മണിവരെ അവിടെ ഉപരോധമായിരുന്നു. ഇത് ഒരു മോഴയാനയാണ്. വേറെയും ആനകളുണ്ട്. ഈ ആളെ കൊന്ന ആന മറ്റ് പല കൃഷികളും നശിപ്പിച്ചു. ഈ ആദിവാസി കോളനിയിലെ പുഞ്ചക്കൊല്ലി പ്ലാന്റേഷൻ പി.സി.കെ.-യുടെ കീഴിലുള്ള പ്ലാന്റേഷനാണ്. അവിടത്തെ ജോലിക്കാർക്ക് ജോലി ചെയ്യാൻ പോലും സാധ്യമല്ല. അവർക്ക് അങ്ങോട്ട് പോകാൻ സാധ്യമല്ല. അവിടത്തെ ഫോറസ്റ്റ് ചെക്ക് പോസ്റ്റുതന്നെ ആന കുത്തിപ്പൊളിച്ചു. ഇതുപോലെ നിരവധി സംഭവങ്ങൾ ദിവസേനയുണ്ടാകുന്നു. 1972-ലെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട്, സെക്ഷൻ 11(2) അനുസരിച്ച് ഈ ആനയെ ഹണ്ട് ചെയ്യാവുന്നതാണ്. ഇത്ര മാത്രം ദ്രോഹം ചെയ്യുന്ന ആനയെ ഹണ്ട് ചെയ്യാൻ ചീഫ് വൈൽഡ് ലൈഫ് ഓഫീസർക്ക് അധികാരമുണ്ട്. അതുകൊണ്ട് ഈ അധികാരം ഉപയോഗിച്ച് ജനങ്ങളെ സഹായിക്കാൻ ആ ആനയെ അടിയന്തരമായി ഹണ്ട് ചെയ്യണം. സിദ്ധിഖിന്റെ കുടുംബത്തിന് അടിയന്തരമായി നഷ്ടപരിഹാരം നൽകണം. ജനങ്ങളെ ഈ ദ്രോഹത്തിൽ നിന്നും രക്ഷിക്കാനുള്ള നടപടി അടിയന്തരമായി കൈക്കൊള്ളണം എന്നാണ് എനിക്ക് പറയാനുള്ളത്.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഈ സഭയിൽ പലവട്ടം ഉന്നയിച്ച വിഷയം ഇവിടത്തെ മാത്രമല്ല സംസ്ഥാനത്തെ പല ഭാഗത്തെയും വനമേഖലകളിലെ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ട വിഷയമാണ്. അതിന്റെ ഗൗരവം ഗവൺമെന്റിന് നല്ല ബോദ്ധ്യമുണ്ട്. സത്യം പറഞ്ഞാൽ പല രാത്രികളിലും ഞാൻ ഉറങ്ങാറില്ല എന്ന കാര്യം ഈ സഭ അറിയണം. ആന ശല്യം പറഞ്ഞുകൊണ്ട് പന്ത്രണ്ട് മണിക്കും ഒരു മണിക്കുമെല്ലാം ഫോൺ വരികയാണ്. നമുക്ക് അപ്പോൾ ചെയ്യാവുന്നത് ബന്ധപ്പെട്ട മേഖലയിലെ വനം വകുപ്പിലെ ഉദ്യോഗസ്ഥരെ അറിയിക്കുക എന്നതുമാത്രമാണ്. അപ്പോൾ അവരെ പറഞ്ഞയയ്ക്കാറുണ്ട്. എല്ലാം ഉണ്ടെങ്കിൽ പോലും മിക്കവാറും ഒരു ആഴ്ചയിൽ രണ്ട് ദിവസമെങ്കിലും ഇത്തരം ഫോൺ വരുന്നുണ്ട്. ഇക്കാര്യം ഗവൺമെന്റിന് നല്ല ബോദ്ധ്യമുണ്ട്. ഗവൺമെന്റ് അതിന്റെ പക്കലുള്ള എല്ലാ സന്നാഹങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു മാർഗ്ഗം സ്വീകരിക്കും.

മി. സ്പീക്കർ : ആനകൾക്ക് വനത്തിൽ തീറ്റ കിട്ടാതെ വരുമ്പോഴാണ് നാട്ടിലേയ്ക്ക് ഇറങ്ങുന്നത്. അതിന് പരിഹാരം ഉണ്ടാക്കണം.

ശ്രീ. ബിനോയ് വിശ്വം : നിലമ്പൂർ സൗത്ത് ഡിവിഷനുകളിലും നോർത്തിലുമായി കഴിഞ്ഞ കാലത്ത് 42.36 ലക്ഷം രൂപ ചെലവഴിച്ച് 50.99 കി. മീ. ദൂരത്തിലുള്ള സൗരോർജ്ജ വേലിയും 39.97 ലക്ഷം രൂപ ചെലവഴിച്ച് 4.52 കി.മി. ദൂരത്തിലുള്ള ആനക്കിടങ്ങുകളും നിർമ്മിച്ചിട്ടുണ്ട്. അവിടെ ജലവും ആഹാരവും ലഭ്യമാക്കുവാൻവേണ്ടി എട്ട് തടയണകളും 15 കുളങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. അതിനുപുറമേ ഏകദേശം 389 ഹെക്ടർ സ്ഥലത്ത് മുളംതോട്ടവും 340 ഹെക്ടറോളം സ്ഥലത്ത് നിശ്ചിതതോട്ടവും ഉണ്ടാക്കിയിട്ടുണ്ട്. ഇതെല്ലാം ഉണ്ടെങ്കിലും ആനകൾ പുറത്തേയ്ക്ക് വരുന്നുണ്ട്.

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞ ആനയുടെ വിഷയം ഗൗരവമായി കാണണം.

ശ്രീ. ബിനോയ് വിശ്വം : അദ്ദേഹം പറഞ്ഞ ഒരു വിഷയം സിദ്ധിഖിന്റെ മരണമാണ്. സിദ്ധിഖിന്റെ മരണം ഉണ്ടായത് കഴിഞ്ഞ 29-ാം തീയതിയാണ്. അവിടെനിന്നും ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റ് കിട്ടിക്കഴിഞ്ഞാൽ ഒരു ആഴ്ചപോലും വൈകാതെ പണം കൊടുക്കാൻ കഴിയും. ഞാൻ അതിനുവേണ്ടത് ചെയ്തിട്ടുണ്ട്. അവിടെത്തെ ഒരു പ്രത്യേക ആനയെപ്പറ്റി പറഞ്ഞു, അത് ഒരു മോഴയാണ്. ആ ആന ശല്യക്കാരനോ ശല്യക്കാരിയോ ആയിരിക്കാം. അത് കൊമ്പനുമല്ല, പിടിയുമല്ല, മോഴയാണ്. അത് സ്ഥിരമായി അവിടെ ശല്യം ചെയ്യുന്നുണ്ട്. ഇപ്പോൾ അതിനെ ഓടിച്ചുവിടാൻ ശ്രമിക്കുന്നുണ്ട്. ഏറ്റവും പുതുതായി കേൾക്കുന്നത് ഒരു റേഡിയോ കോളർ ഈ ആനയ്ക്ക് ഘടിപ്പിക്കുന്നുണ്ട് എന്നാണ്. അതുവഴി അതിന്റെ മൂവ്മെന്റ്സ് അറിയാനും മുൻകൂട്ടി കാണാനും പറ്റും എന്നാണ്. അദ്ദേഹം ഇവിടെ വൈൽഡ് ലൈഫ് ആക്ട് സെക്ഷൻ (11)-ന്റെ കാര്യം പറയുകയുണ്ടായി. അദ്ദേഹം അടക്കം പല ആൾക്കാരും കൃഷിക്കാരും സ്ഥിരമായി പറയുന്ന കാര്യമാണ്. ശല്യമുണ്ടാക്കുന്ന വന്യജീവികളെ വേട്ടയാടി കൊല്ലുക എന്നത്. നിയമത്തിന്റെ വകുപ്പിൽ അത് ശരിയാണുതാനും. 72-ലെ വൈൽഡ് ലൈഫ് ആക്ടിൽ ആ കാര്യം പറയുന്നുണ്ടെങ്കിൽപോലും അത് പ്രാവർത്തികമാക്കുന്നതിനെപ്പറ്റി വ്യത്യസ്ത മേഖലകളിൽ നിന്നും വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടാകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതും ഗവൺമെന്റിന്റെ മുമ്പാകെ ഇരിക്കുകയാണ്. രണ്ട് വശവും പരിഗണിച്ചു കൊണ്ട് ഏറ്റവും ഉചിതമായ തീരുമാനമെടുക്കാൻ വേണ്ടി ഒരു കമ്മിറ്റിയെ ഗവൺമെന്റ് നിയോഗിച്ചുകഴിഞ്ഞിട്ടുണ്ട്. ശ്രീ. ആര്യാടൻ മുഹമ്മദ് അടക്കമുള്ളവരുടെ പരാതികൾ പരിഗണിക്കാൻവേണ്ടി പ്രിൻസിപ്പൽ സെക്രട്ടറി, വൈൽഡ് ലൈഫ് ആന്റ് ഫോറസ്റ്റ് നയിക്കുന്ന കമ്മിറ്റിയിൽ പത്ത് മെമ്പർമാരുണ്ട്. കർഷകരുടെ, വൈൽഡ് ലൈഫ് എക്സ്പെർട്ടുകളുടെയും ശാസ്ത്രജ്ഞരുടെയും കൃഷി ഡയറക്ടറുടെയുമെല്ലാം പങ്കാളിത്തമുള്ള കമ്മിറ്റിയോട് രണ്ട് മാസത്തിനകം റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. അത് കിട്ടിക്കഴിഞ്ഞാൽ ഉടനെതന്നെ ഗവൺമെന്റ് സാദ്ധ്യമായതൊക്കെ ചെയ്യുമെന്ന് ഞാൻ ഉറപ്പുനൽകുകയാണ്.

(4) പാരാമെഡിക്കൽ സ്റ്റാഫിനെയും സർജനെയും നിയമിക്കാൻ നടപടി

ശ്രീ. സി. കെ. സദാശിവൻ: സർ, കായംകുളം ഗവൺമെന്റ് ആശുപത്രിയിൽ സർജന്റെ തസ്തിക നിർത്തലാക്കിയിരിക്കുകയാണ്. അത് പുനഃസ്ഥാപിക്കാൻ അടിയന്തരനടപടി സ്വീകരിക്കണം. അതുപോലെതന്നെ പാരാമെഡിക്കൽ സ്റ്റാഫിന്റെ കുറവ് ആശുപത്രിയുടെ പ്രവർത്തനത്തെ വല്ലാത്ത രൂപത്തിൽ ബാധിച്ചിരിക്കുകയാണ്. നാഷണൽ ഹൈവേയുടെ ഓരത്ത് സ്ഥിതി ചെയ്യുന്ന ആശുപത്രിയിൽ വാഹന അപകടത്തിലും മറ്റുംപെട്ട് അടിയന്തര ചികിത്സയ്ക്കായി നിരവധി പേർ എത്തുന്നുണ്ട്. അവർക്ക് വേണ്ടരീതിയിലുള്ള ചികിത്സ ലഭിക്കാത്തതുകൊണ്ട് മരണം പോലും സംഭവിക്കുന്നുണ്ട്. ആ ആശുപത്രിയിൽ സർജന്റെ സേവനം ലഭ്യമല്ലാത്തതുകൊണ്ട് അവിടെ വരുന്ന രോഗികൾ സ്വകാര്യ ആശുപത്രികളെ ശരണം പ്രാപിക്കുന്ന സ്ഥിതിയുമുണ്ട്. പാരാമെഡിക്കൽ സ്റ്റാഫിന്റെ കുറവും ഒരു പ്രധാന കാരണമാണ്; ഫാർമസിസ്റ്റ് രണ്ടിന് പകരം ഒന്നാണുള്ളത്. അറ്റൻഡർ ഗ്രേഡ് എട്ടിന് പകരം രണ്ടാണ് ഉള്ളത്. ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന പ്രശ്നമാണിത്. അതുകൊണ്ട് പാരാമെഡിക്കൽ സ്റ്റാഫിനെ അടിയന്തരമായി നിയമിക്കുകയും സർജന്റെ തസ്തിക പുനഃസ്ഥാപിക്കുകയും ചെയ്യണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. ഏഴു ഡോക്ടർമാർ മാത്രമുള്ള ആശുപത്രിയെ താലൂക്ക് ആശുപത്രിയാക്കി, 17 ഡോക്ടർമാരുടെ തസ്തിക തന്നെയുണ്ട്. ഇപ്പോൾ അവിടെ പത്ത് ഡോക്ടർമാർ വർക്ക് ചെയ്യുന്നുണ്ട്. പാരാമെഡിക്കൽ സ്റ്റാഫിന്റെ കാര്യത്തിൽ എന്താണ് വേണ്ടതെന്നുവച്ചാൽ ചെയ്യുന്നതാണ്.

(5) രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനം

മി. സ്പീക്കർ.: ഈ വിഷയം സംബന്ധിച്ച് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. സി. എം. ദിനേശ് മണി: സർ, കൊച്ചി തുറമുഖം കേരളത്തിന്റെ പുരോഗതിയിലും അഭിവൃദ്ധിയിലും വഹിച്ച പങ്ക് പ്രത്യേകം എടുത്തു

LIBRARY ARCHIVES Kerala Legislative Assembly